മദ്യവർജ്ജനം പ്രോൽസാഹിപ്പിക്കാൻ നടപടി

46 [1763] ശ്രീ. കെ. സി. ജോസഫ് :

ഡോ. എം. എ. കുട്ടപ്പൻ :

ശ്രീ. എം. മുരളി :

,, പി. ടി. തോമസ് :

,, കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മാർച്ച് 31-ലെ സ്ഥിതിവിവരകണക്കനുസരിച്ച് സംസ്ഥാനത്ത് ഒരാൾ ഒരു വർഷം ശരാശരി എത്ര മദ്യം ഉപയോഗിക്കുമായിരുന്നു ;

(ബി) 2004 ഡിസംബർ 31-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഒരാൾ ഒരു വർഷം ശരാശരി ഉപയോഗിക്കുന്ന മദ്യമെത്ര എന്ന് വ്യക്തമാക്കാമോ ;

(സി) 2001 മാർച്ച് 31-ലെ കണക്കനുസരിച്ച് സംസ്ഥാനത്തുള്ള ഒരാൾ ഒരു വർഷം മദ്യത്തിനുവേണ്ടി ശരാശരി എത്ര തുക ചെലവഴിച്ചിരുന്നു ;

(ഡി) 2004 ഡിസംബർ 31-ലെ കണക്കനുസരിച്ച് സംസ്ഥാനത്തുള്ള ഒരാൾ ഒരു വർഷം മദ്യത്തിനുവേണ്ടി ശരാശരി എത്ര തുക ചെലവഴിച്ചിരുന്നു ;

(ഇ) മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2000-01 സാമ്പത്തികവർഷം ഒരാൾ ശരാശരി 2.04 ലിറ്റർ മദ്യം ഉപയോഗിക്കുമായിരുന്നു.

(ബി) 2004 ഡിസംബറിലെ കണക്കനുസരിച്ച് ഒരാൾ ഒരു വർഷം 3.11 ലിറ്റർ മദ്യം ഉപയോഗിക്കുന്നു.

(സി) 2001 മാർച്ചിലെ കണക്കനുസരിച്ച് ഒരാൾ ഒരു വർഷം 420 രൂപ ചെലവഴിച്ചിരുന്നു.

(ഡി) 2004 ഡിസംബറിലെ കണക്കനുസരിച്ച് ഒരാൾ ഒരു വർഷം 720 രൂപ ചെലവഴിക്കുന്നു.

(ഇ) മദ്യാസക്തിയിൽ നിന്ന് ജനങ്ങളെ പിന്തിരിപ്പിക്കുന്നതിനായി സെമിനാറുകൾ, പരസ്യങ്ങൾ എന്നിവ മുഖേന ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ദൃശ്യമാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും മറ്റും നടപടികൾ സ്വീകരിച്ചുവരുന്നു. വ്യാജമദ്യ ഉൽപാദന വിതരണ വിപണനം സംബന്ധിച്ച് പൊതുജനങ്ങളുടെ ഭാഗത്തുനിന്നുള്ള പരാതികൾ

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കുന്നതിനായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അംഗങ്ങളായ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. മദ്യോപയോഗം കുറയ്ക്കുന്നതിനായി മദ്യകുപ്പികളുടെ പുറത്ത് പതിക്കുന്ന ലേബലുകളിലും മദ്യവിൽപനശാലകളിലെ ബോർഡുകളിലും മദ്യപാനം ആരോഗ്യത്തിന് ഹാനികരം എന്ന മുന്നറിയിപ്പ് വാചകം ഉൾക്കൊള്ളിച്ചിട്ടുണ്ട്. മദ്യങ്ങളുടെ പരസ്യം നിയമം മുഖേന നിരോധിച്ചിരിക്കുന്നു.

സ്കൂൾ തലത്തിലും കുടുംബശ്രീ യൂണിറ്റുകളിലും മദ്യവിരുദ്ധ പ്രചരണം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പുമന്ത്രി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

മദ്യനയം

47 [1764] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, എൻ. രാജൻ :

,, ബിനോയ് വിശ്വം :

,, എം. കുമാരൻ :

,, പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തികവർഷത്തെ സർക്കാരിന്റെ മദ്യനയം തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കള്ള്ഷാപ്പ് ലേലം ചെയ്ത് നൽകിയതുവഴി ഒരു സാമ്പത്തികവർഷം ലഭിക്കുന്ന വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ ; ഇത് 1996-97 കാലഘട്ടത്തിൽ എത്രയായിരുന്നു ;

(സി) എത്ര ചെത്ത് തൊഴിലാളികൾ ഇപ്പോൾ തൊഴിൽരഹിതരായി നിൽക്കുന്നുണ്ട് ?

ഉത്തരം

(എ) ഇല്ല.

(ബി) കള്ള്ഷാപ്പ് ലേലം ചെയ്ത് നൽകിയതുവഴി 2000-01 സാമ്പത്തിക വർഷത്തിൽ 124.15 കോടി രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. ഇത് 1996-97 കാലഘട്ടത്തിൽ 50.08 കോടിരൂപയായിരുന്നു.

(സി) പ്രത്യേക കണക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly